പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ)

(എ) ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും ആയി 1978 മാർച്ച് 31 വരെ 28,244 കിടക്കകളും ഉണ്ടായിരുന്നു.

(ബി) 576 കിടക്കകളും കൂടുതലായി അനുവദിച്ചിട്ടുണ്ട്.

മിൽമാ എഞ്ചിനീയേഴ്സ് അസോസിയേഷന്റെ മെമ്മോറാണ്ടം

* 631 [676] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമാ എഞ്ചിനീയേഴ്സ് അസോസിയേഷന്റെ മെമ്മോറാണ്ടം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) മിൽമാ എഞ്ചിനീയറുമാരുടെ അടിയന്തിരാവശ്യങ്ങൾ അടങ്ങിയ പ്രസ്തുത മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) മിൽമായുടെ നെയ്യ്ക്ക് കിലോഗ്രാമിന് 3 രൂപ വില വർദ്ധിപ്പിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള ഡിമാൻറുകൾ ഒന്നും തന്നെ ബോർഡിനോ ഗവൺമെന്റിനോ സ്വീകാര്യമായി തോന്നിയിട്ടില്ല.

(സി) ഉല്പാദനച്ചെലവ്, വിപണിയിലെ വിലനിലവാരം തുടങ്ങിയ പ്രസക്ത വസ്തുതകൾ കണക്കിലെടുത്തുകൊണ്ടാണ്.

ഡെൻറൽ കോളേജിലെ പുതിയ തസ്തികകൾ

* 632 [677] ശ്രീ. എ. എ. റഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-78-ൽ ഡെൻറൽ കോളേജിൽ എത്തെല്ലാം ഡിപ്പാർട്ടുമെൻറിൽ ട്യൂട്ടർ പോസ്റ്റ് അപ് ഗ്രേഡ് ചെയ്തിട്ടുണ്ട്;

(ബി) അപ്ഗ്രേഡ് ചെയ്ത ഡിപ്പാർട്ടുമെൻറിൽ വീണ്ടും ട്യൂട്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് കാരണമെന്ത്?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) 1977-78-ൽ ഡെൻറൽ കോളേജിൽ ട്യൂട്ടറുടെ തസ്തിക കളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല. എന്നാൽ 10-1-70 ൽ ഓറൽഡെയ ഗ്നോസിസ് ആൻറ് ഡെൻറൽ റേഡിയോളജി എന്ന ഡിപ്പാർട്ടുമെൻറിലെ ഒരു ട്യൂട്ടർ പോസ്റ്റ് നിർത്തലാക്കികൊണ്ട് ഒരു അസിസ്റ്റൻറ് പ്രൊഫസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓറൽ ഡൈഗനോസിസ് ആൻറ് ഡെൻറൽ റേഡിയോളജിയിൽ ഒരു അസിസ്റ്റൻറ് പ്രൊഫസറും ഒരു ട്യൂട്ടറും മാത്രമേയുള്ളു. രോഗികളുടെ വർദ്ധിച്ച തിരക്കു കാരണം ഈ രണ്ടു പേരുടെയും സേവനം മതിയാകാതെ വന്നതുകൊണ്ടാണ് ഒരു ട്യൂട്ടറുടെ തസ്തിക 27.1.1979-ൽ അനുവദിച്ചത്.

പഞ്ചായത്ത് ഡിസ്പെൻസറികളിൽ വാർഡുകളുണ്ടാക്കാൻ പദ്ധതി

* 633 [678] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് ഡിസ്പെൻസറികളിൽ ഇൻപേഷ്യൻറ് വാർഡുകളുണ്ടാക്കാൻ വല്ല പദ്ധതികളുമുണ്ടോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. വി. പ്രഭാകരൻ): ഉണ്ട്.

ആംബുലൻസ് വാൻ

* 634 [679] ശ്രീ. കെ. ടി. കുമാരൻ:
,, കണിയാപുരം രാമചന്ദ്രൻ:
,, വി. കെ. രാജൻ:
,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ജില്ലാ ആശുപത്രികളിൽ ആംബുലൻസ് വാൻ ഉണ്ട്;

(ബി) അവ എവിടെയെല്ലാം;

(സി) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽ ആംബുലൻസ് വാൻ സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പ് മന്ത്രി (ശ്രീ. കെ. വി. പ്രഭാകരൻ):

(എ) എട്ട്.

(ബി) 1. തിരുവനന്തപുരം
2. കൊല്ലം
3. എറണാകുളം
4. തൃശ്ശൂർ
5. പാലക്കാട്
6. മലപ്പുറം
7. കോഴിക്കോട്
8. കണ്ണൂർ

(സി) എല്ലാ താലൂക്ക് ആശുപത്രികൾക്കും ഓരോ ആംബുലൻസ് വാൻ നൽകാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ ധനലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി മാത്രമേ നടപ്പാക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly